# Malayala Manorama

## 17 August 2018

## Thrippunithura: Flood Hit



# വെള്ളക്കെട്ടിൽ തൃപ്പൂണിത്തുറ

തൃപ്പൂണിത്തുറ നഗരത്തിന്റെ പല ഭാഗങ്ങളിൽ വെള്ളക്കെട്ടു രൂക്ഷമായി. കാനകൾ കവിഞ്ഞു മാലിന്യം റോഡിലൂടെ ഒഴുകി. വീടുകളിലും വെള്ളം കയറി. ഇടറോഡുകളിൽ ഗതാഗതം വരെ സ്തംഭിച്ചു. അത്തം ഘോഷയാത്രയ്ക്കു വേണ്ടി താൽക്കാലികമായി കുഴികൾ അടച്ച റോഡുകൾ കനത്ത മഴയിൽ പൊട്ടിപ്പൊളിഞ്ഞു. എരൂർ റോഡ്, ആസാദ് - എസ്എംപി കോളനി റോഡ്, ഞാണംത്തുരുത് റോഡ്, പുതുശേരി റോഡ്, വാര്യംപുറം റോഡ്, എംകെകെ നഗർ പരിസരം, എരൂർ പാമ്പാടിത്താഴം കോളനി, കേണൽ വിശ്വനാഥൻ റോഡ്, കണ്ണൻകുളങ്ങര ഇന്ദിരാജി റോഡ്, കണ്ടനാട് കവല, ഉദയംപേരൂർ പഞ്ചായത്തിലെ പൂത്തോട്ട പടിഞ്ഞാറേ വശം തുടങ്ങിയ പ്രദേശങ്ങളിൽ വെള്ളക്കെട്ടു രൂക്ഷമായി.

നഗരസഭയുടെ നേതൃത്വത്തിൽ നാലിടങ്ങളിൽ ദുരിതാശ്വാസ ക്യാംപുകൾ തുറന്നു. എരൂർ കെഎംയുപി സ്കൂൾ, തൃപ്പൂണിത്തുറ ഗവ. ബോയ്സ് സ്കൂൾ, ചൂരക്കാട് യുപി സ്കൂൾ, ഇരുമ്പനം ഭാസ്കരൻ കോളനി എന്നിവിടങ്ങളിലാണു ദുരിതാശ്വാസ ക്യാംപുകൾ തുറന്നത്. കനത്ത മഴയും കോണോത്തുപുഴയിലെ വെള്ളം കൂടിയതുമാണു വീടുകളിലേക്കു വെള്ളം കയറാൻ കാരണമെന്നു ക്യാംപിലുള്ളവർ പറഞ്ഞു. വെള്ളക്കെട്ടിലായ കുടുംബങ്ങൾക്കു സഹായം എത്തിക്കാൻ നാട്ടുകാരും സന്നദ്ധസംഘടനകളും രംഗത്തുണ്ടായിരുന്നു. പലയിടങ്ങളിലും മോട്ടോർ വച്ച് റോഡുകളിലെ വെള്ളം സമീപത്തെ ഒഴിഞ്ഞ പറമ്പുകളിലേക്കു പമ്പ് ചെയ്തുകളഞ്ഞു. എം. സ്വരാജ് എംഎൽഎ, നഗരസഭാധ്യക്ഷ ചന്ദ്രികാദേവി എന്നിവർ ക്യാംപുകൾ സന്ദർശിച്ചു. മഴക്കെടുതിയിൽപ്പെട്ട രണ്ടു കുടുംബങ്ങളെ ഉദയംപേരൂർ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജെബിഎസ് സ്കൂളിൽ മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്.